ഗുണമേന്മയുള്ള ഔഷധങ്ങളുമാണ് ഇതിന്റെ പ്രത്യേകത.

(ബി) ആയുർവ്വേദ ചികിത്സ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായാണ് ഏജ് ഹാൾട്ട് എന്ന പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇടമുറിയാത്ത യാത്രയും ചികിത്സയുമാണ് ഇതുവഴി വിഭാവനം ചെയ്തിരിക്കുന്നത്. ഒരു റിസോർട്ടിൽ താമസിച്ച് ചികിത്സിക്കാവുന്നവയാണ്. പ്രസ്തുത പാക്കേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യം (പൊതു ഉണർവ്), സൗഖ്യം (ശാരീരിക സ്വാസ്ഥ്യം) സുഖനിദ്ര (നല്ല ഉറക്കം), ദേഹകാന്തി (ചർമ്മ സംരക്ഷണം), നേത്രരക്ഷ (കാറ്ററാക്ട് അനന്തര ചികിത്സ), ആയുഷ് (പ്രായ വിരാമ ചികിത്സ) എന്നീ പാക്കേജുകൾക്ക് 1900 മുതൽ 1,20,000 രൂപ വരെയാണ് ചാർജ്ജ്. ഒരു ദിവസം മുതൽ 21 ദിവസം വരെയുള്ള പാക്കേജുകൾ തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ഉദ്ദേശിച്ചാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

(സി) വിദേശ സഞ്ചാരികളെ കൂടി ലക്ഷ്യമിട്ടാണ് ഏജ് ഹാൾട്ട് വിഭാവനം ചെയ്തിരിക്കുന്നത്. സഞ്ചാരത്തിനെത്തുന്ന വിദേശികൾക്ക് ആയുർവേദ ചികിത്സ കഴിഞ്ഞ് കേരളത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ പലപ്പോഴും സമയം കിട്ടാറില്ല. ഈ സാഹചര്യത്തിൽ ഓരോ സ്ഥലത്തേക്ക് താമസം മാറുമ്പോഴും തടസ്സമില്ലാതെ ചികിത്സ തുടരാനാകുന്ന പദ്ധതിയാണിത്.

(ഡി) കെ.ടി.ഡി.സി. യുടെ പ്രമുഖ ഹോട്ടലുകളായ കോവളത്തെ സമുദ്ര, കൊച്ചിയിലെ ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ട്, മൂന്നാറിലെ ടീ കൗണ്ടി, തേക്കടിയിലുള്ള ലേക്ക് പാലസ്, ആരണ്യ നിവാസ്, പെരിയാർ ഹൗസ്, കുമരകത്തെ വാട്ടർ സ്കേപ്സ് എന്നീ റിസോർട്ടുകളിലെ ആയുർവ്വേദ കേന്ദ്രങ്ങൾ തിരുവനന്തപുരം ആസ്ഥാനമായുള്ള ശാന്തിഗിരി ആശ്രമത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടലിലെ ആയുർവ്വേദ കേന്ദ്രത്തിന്റെ പ്രവർത്തനം പാലക്കാട് ആസ്ഥാനമായ കൈരളി ആയുർവ്വേദ ഫ്രെന്റിനെയുമാണ് ഏല്പിച്ചിട്ടുള്ളത്.

ദേശീയ പട്ടികജാതി കമ്മീഷന്റെ നിർദ്ദേശങ്ങളിന്മേലുള്ള നടപടി

12 (*372) ശ്രീ. ബി. സത്യൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പട്ടികജാതി കമ്മീഷൻ സംസ്ഥാനത്തെ സ്ഥിതി സംബന്ധിച്ച് അവലോകനം ചെയ്ത ശേഷം നല്കിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ മേഖലയിൽ പട്ടികജാതിക്കാർക്കുള്ള സംവരണത്തിൽ ഉണ്ടായിട്ടുള്ള കുറവ് നികത്തുവാനും എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ മേഖലയിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടി വേണമെന്ന കമ്മീഷൻ നിർദ്ദേശത്തോടുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) :

(എ) ജനസംഖ്യാനുപാതത്തിൽ പട്ടികജാതി വിഭാഗത്തിന്റെ സംവരണതോത് 8 ശതമാനത്തിൽ നിന്നും 9% ആയി വർദ്ധിപ്പിക്കുക, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ സംവരണം നടപ്പാക്കുക, സംവരണത്തെ സംബന്ധിച്ച് നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രൊമോഷനുകളിൽ സംവരണം നടപ്പിലാക്കുക, സ്വകാര്യമേഖലയിലും സംവരണം ഏർപ്പെടുത്തുക, സംസ്ഥാനത്ത് കൂടിയേറി പാർക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് സാക്ഷ്യപത്രം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ ശിപാർശകളാണ് പൊതുവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി&സി) നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രായോഗിക വശങ്ങൾ പരിശോധിച്ചു വരുന്നു.

നഴ്സുമാരുടെ വേതനം

13 (*373) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട വേതനം ആവശ്യപ്പെട്ടുള്ള സമരം നടത്തിയതിനെത്തുടർന്ന് പുരുഷ നഴ്സുമാർക്ക് നിയമനം നൽകാത്തതിനാലും വനിതാ നഴ്സുമാർക്ക് സ്വകാര്യ മേഖലയിൽ ന്യായമായ വേതനം ലഭിക്കാത്തതുകൊണ്ടും നേഴ്സിംഗ് പഠനത്തിന് വായ്പയെടുത്ത അരലക്ഷത്തിലധികം കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly